# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 580 29.11.2018 -ൽ മറുപടിക്ക്**

## പ്രളയത്തിൽ ചെറുകിട വ്യവസായ സംരംഭകർക്കുണ്ടായ നാശനഷ്ടം

**ചോദ്യം** **ഉത്തരം**

**ശ്രീ.മുരളി പെരുനെല്ലി**

**ശ്രീ. ഇ.പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും**
**യുവജനകാര്യവും വകുപ്പ് മന്ത്രി**

| | | | |
|---|---|---|---|
| എ) | ഇക്കഴിഞ്ഞ പ്രളയത്തിൽ ചെറുകിട വ്യവസായ സംരംഭകർക്കുണ്ടായ നാശനഷ്ടത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; | എ) | ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ യൂണിറ്റുകൾ നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തി ശേഖരിച്ച വിവരപ്രകാരം പ്രളയക്കെടുതിയിൽ സംസ്ഥാനത്തെ 3590 -ൽ പരം MSME യൂണിറ്റുകൾക്ക് ഏകദേശം 632 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി പ്രാഥമികമായി കണക്കാക്കിയിട്ടുണ്ട്. |
| ബി) | പ്രളയം കാരണം നാശനഷ്ടം സംഭവിച്ച ചെറുകിട വ്യവസായികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) | പ്രളയക്കെടുതിയിൽ ഉൾപ്പെട്ട MSME യൂണിറ്റുകൾക്ക് നേരിട്ട നഷ്ടം കണക്കാക്കുന്നതിലേക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ വ്യവസായ വികസന ആഫീസർമാർ ഓരോ യൂണിറ്റുകളും നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തി വിവരം ശേഖരിച്ചു വരുന്നു.<br><br>വെള്ളപ്പൊക്ക ദുരിതത്തിൽപ്പെട്ട എം.എസ്.എം.ഇ സംരംഭകർക്ക് അവരുടെ സംരംഭം പുന:സ്ഥാപിക്കുന്നതിലേക്കായി 'ദുരിതബാധിത പുനർ നിർമ്മാണ സംരംഭക സഹായ പദ്ധതി', 'പലിശ സഹായ പദ്ധതി' എന്നിങ്ങനെ രണ്ട് പദ്ധതികൾ 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. |
| സി) | ഈ ഇനത്തിൽ എത്ര തുക ഇതുവരെ അനുവദിച്ചുവെന്നും എത്ര പേർക്ക് വിതരണം ചെയ്തുവെന്നും അറിയിക്കാമോ? | സി) | തുക അനുവദിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**